©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
(ELECTRICITY, LABOUR AND LABOUR WELFARE)

**2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്**
**2022 ജൂലൈ 15-ാം തീയതി സമർപ്പിച്ചത്**

**(Presented on 15th july 2022)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

( FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

**2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്**

988/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ഒന്നാമത് റിപ്പോർട്ടിലെ തൊഴിലും നൈപുണ്യവും, ഊർജ്ജം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2021 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 12-7-2022 തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2022 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശ്രീ. കെ. കൃഷ്ണൻകുട്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-VII.*

തിരുവനന്തപുരം,
2022 ജൂലൈ 12.

# റിപ്പോർട്ട്

<u>അദ്ധ്യായം I</u>

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും.

**തൊഴിലും നൈപുണ്യവും വകുപ്പ്**

<u>ശിപാർശ</u>

2230-01-001-99— <u>ഭരണവും നടത്തിപ്പും</u>

വിഹിതം : 8,09,74,000 രൂപ (പദ്ധതിയേതരം)

ലേബർ കമ്മീഷണറുടെ ഓഫീസിലെ യാത്രാബത്ത, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 1.5 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1.25 ലക്ഷം രൂപയും വൈദ്യുതി ചാർജ്ജ് [05(2)] ഇനത്തിൽ 5 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 8.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2230-01-001-98 —<u>ജില്ലാ ആഫീസുകൾ</u>

വിഹിതം : 27,65,10,000 രൂപ (പദ്ധതിയേതരം)

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വാഹനങ്ങളുടെ വാടക [97] ഇനത്തിൽ 6 ലക്ഷം രൂപയും

വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2230-01-101-99 —<u>കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്</u>

വിഹിതം : 41,78,000 രൂപ (പദ്ധതിയേതരം)

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലേയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ യാത്രാബത്ത, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 3.5 ലക്ഷം രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] എന്ന ഇനത്തിൽ 0.5 ലക്ഷം രൂപയും ഇന്ധനം [45] ഇനത്തിൽ 0.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, 2230-01-101-99- കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ് എന്ന ശീർഷകത്തിൽ യാത്രാബത്ത [04(1)] ഇനത്തിൽ 3,50,000 രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] ഇനത്തിൽ 50,000 രൂപയും ഇന്ധനം [45] ഇനത്തിൽ 50,000 രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിനായി ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശയിന്മേൽ, ടി ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം അധികമായി വേണ്ടി വരുന്ന തുകയുടെ ആവശ്യകത വ്യക്തമാക്കി ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക്, വിഷയനിർണ്ണയ സമിതി ശിപാർശയിന്മേൽ അധിക തുക അനുവദിക്കുന്ന

വിഷയം പരിശോധിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. ടി അഭിപ്രായപ്രകാരം ശിപാർശ ലഭ്യമാക്കുവാൻ 18-12-2021-ലെ ഇ 1/110/2021/ എൽ.ബി.ആർ.ഡി.നം. കത്ത് പ്രകാരം സർക്കാർ ലേബർ കമ്മീഷണറോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ 2021-22 സാമ്പത്തിക വർഷം 2230-01-101-99-04-01-(TA) എന്ന ശീർഷകത്തിൽ അനുവദിച്ച 6,50,000 രൂപയിൽ 5,24,000 രൂപയും 2230-01-101-99-45(POL) എന്ന ശീർഷകത്തിൽ വകയിരുത്തിയ 49,000 രൂപയിൽ 39,690 രൂപയും 2230-01-101-99-28-(Honorarium) എന്ന ശീർഷകത്തിൽ വകയിരുത്തിയ 1,84,000 രൂപയിൽ 1,80,000 രൂപയും മാത്രം അലോട്ട്മെന്റ് നൽകിയിട്ടുള്ളതെന്നും ടി സാഹചര്യത്തിൽ, ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാത്തതിനാലാണ് ലേബർ കമ്മീഷണർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കാതിരുന്നതെന്നുമുള്ള വിവരം സമിതി മുമ്പാകെ അറിയിക്കുന്നു.

## ശിപാർശ

2230-01-102-98—തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്

വിഹിതം : 4,32,48,000 രൂപ (പദ്ധതിയേതരം)

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും ഓഫീസ് ചെലവുകൾ, ഇന്ധനം, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഓഫീസ് ചെലവുകൾ [05(4)] ഇനത്തിൽ 1 ലക്ഷം രൂപയും ഇന്ധനം [45] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

## സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

2230-01-103-99 —ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)

വിഹിതം : 21,97,98,000 രൂപ (പദ്ധതിയേതരം)

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ടെലിഫോൺ ചെലവ് ഇനത്തിൽ

വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 4 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-01-103-89—തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും

വിഹിതം : 1,40,00,000 രൂപ (പദ്ധതി)

തൊഴിൽ വകുപ്പിന്റെ ആധുനികവത്ക്കരണം, ആധാർ ലിങ്ക് ചെയ്തിട്ടുള്ള ബയോ-മെട്രിക് പഞ്ചിംഗ് / തൊഴിൽ വകുപ്പ് നവീകരണം, വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കൽ, AIIS സോഫ്റ്റ്വെയർ പരിഷ്ക്കരണം എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-01-103-88-10—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം-സംഭാവന

വിഹിതം : 40,61,000 രൂപ (പദ്ധതിയേതരം)

കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീമിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക ലഭിക്കേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 5.015 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2021-2022 സാമ്പത്തിക വർഷത്തിൽ കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീമിന് തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2230-01-103-87-10—പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന

വിഹിതം : 10,03,03,000 രൂപ (പദ്ധതിയേതരം)

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായത്തിനായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.9697 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-01-103-84—തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ പരിപാടി

വിഹിതം : 85,00,000 രൂപ (പദ്ധതി)

തൊഴിൽ വകുപ്പ് വഴി ലഭ്യമാകുന്ന പരാതി പരിഹാര സേവനം, വകുപ്പ് നടത്തി വരുന്ന പരിപാടികൾ, പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണ പരിപാടികൾക്കായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-01-103-79-10—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക ലഭ്യമാക്കേണ്ടതുള്ളതിനാൽ, ഈ ശീർഷകത്തിൽ 36.66 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

2021-2022 സാമ്പത്തിക വർഷത്തിൽ കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗ്രാന്റിനത്തിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളത് തൊഴിലാളികൾക്ക് പെൻഷൻ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്-അംശദായം

വിഹിതം : 100,00,00,000 രൂപ (പദ്ധതിയേതരം)

കേരള കർഷകതൊഴിലാളി ക്ഷേമബോർഡിലെ അധിവർഷ ആനുകൂല്യം ഒഴികെയുള്ള ആനുകൂല്യ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 50.93 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

22-10-2018-ലെ സ.ഉ.(സാധാ) നം.1209/18/തൊഴിൽ ഉത്തരവ് പ്രകാരം 100,00,00,000 (നൂറ് കോടി രൂപ മാത്രം) രൂപയും 29-9-2021-ലെ 1158/2021/തൊഴിൽ പ്രകാരം 20,00,00,000 (ഇരുപത് കോടി രൂപ മാത്രം) രൂപയും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച് നല്കിയിരുന്നു. ടി ബോർഡിലെ അംഗങ്ങൾക്ക് നല്കി വരുന്ന വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം എന്നിവയുടെ നിരക്ക് 16-8-2021-ലെ സ.ഉ.

(സാധാ)നം.986/2021/തൊഴിൽ പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. അംശദായത്തിനു തുല്യമായി സർക്കാർ നൽകേണ്ട തുക കർഷക തൊഴിലാളി പെൻഷൻ തുകയിൽ ക്രമീകരിക്കേണ്ടതാണെന്നും അതിവർഷാനുകൂല്യം ഒഴികെയുള്ള ബോർഡിന്റെ മറ്റുള്ള എല്ലാ ആനുകൂല്യങ്ങളും നിലവിൽ വർദ്ധനവ് വരുത്തിയിട്ടുള്ള ബോർഡിന്റെ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം എന്നീ ആനുകൂല്യങ്ങളും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും ആയതിനാൽ, അതിവർഷാനുകൂല്യം ഒഴികെയുള്ള ആനുകൂല്യ വിതരണത്തിന് അധിക തുക വകയിരുത്താനാവില്ലെന്നും ബോർഡിലെ തൊഴിലാളി വിഹിതവും തൊഴിലുടമാ വിഹിതവും കൃത്യമായി പിരിച്ചെടുത്ത് ആനുകൂല്യ വിതരണത്തിനുള്ള തുക കണ്ടെത്തേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

## ശിപാർശ

2230-01-103-60—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായുള്ള 3 വ്യത്യസ്ത കർമ്മപദ്ധതികൾക്കും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 9.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സർക്കാർ സ്വീകരിച്ച നടപടി

അസംഘടിത മേഖല സാമൂഹ്യ സംരക്ഷണം പദ്ധതിയിൽ മൂന്ന് വ്യത്യസ്ത കർമ്മപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

എ) അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി

പ്രസ്തുത പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 7.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച 50.5 കോടി രൂപയും ഉൾപ്പെടെ 58 കോടി രൂപ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശികയുള്ള ആനുകൂല്യ വിതരണത്തിനായി അനുവദിച്ച് നല്കിയതിൽ 48,31,84,000 (നാല്പത്തെട്ട് കോടി മുപ്പത്തൊന്ന് ലക്ഷത്തി

എൺപത്തിനാലായിരം രൂപ മാത്രം) രൂപ ആനുകൂല്യ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയിൽ 10 ലക്ഷം രൂപ ബോർഡിന്റെ പെൻഷൻ അക്കൗണ്ടിൽ നിലനിർത്തി, ശേഷിച്ച 9,58,16,000(ഒൻപത് കോടി അൻപത്തിയെട്ട് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) രൂപ തിരിച്ചടച്ചിട്ടുണ്ട്.

ബി) <u>മരംകയറ്റത്തൊഴിലാളി അവശതാപെൻഷൻ</u>

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി അധിക ധനാനുമതിയായി 4,27,91,600(നാല് കോടി ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപ അനുവദിച്ചതിൽ 4,04,80,300 (നാല് കോടി നാല് ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ് രൂപ മാത്രം) രൂപ പെൻഷൻ വിതരണത്തിനായി വിനിയോഗിച്ചു. ബാക്കിത്തുക തിരിച്ചടച്ചിട്ടുണ്ട്.

സി) <u>അസംഘടിത മേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്കുള്ള ആശ്വാസനിധി</u>

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2230-01-103-33-(01)—<u>പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം - സംസ്ഥാന പദ്ധതികൾ (ജനറൽ)</u>

വിഹിതം :78,00,00,000 രൂപ (പദ്ധതി)

പരമ്പരാഗത മേഖലയിലുള്ള വിവിധ വകുപ്പുകൾ/ബോർഡുകൾ എന്നിവയ്ക്ക് കുടിശ്ശികയായിട്ടുള്ള ധനസഹായം നൽകേണ്ടതുള്ളതിനാൽ 22 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2230-01-800-86—<u>കർമ്മചാരി പദ്ധതി</u>

വിഹിതം : 1000 രൂപ <u>(പദ്ധതി)</u>

പഠനത്തോടൊപ്പം തൊഴിലിന്റെ മഹത്വം മനസ്സിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 9, 11 എന്നീ ക്ലാസ്സിലെ കുട്ടികൾക്ക് ഒരു വർഷത്തിലെ 25 ശനിയാഴ്ചകളിൽ രണ്ട് മണിക്കൂർ (ആകെ 50 മണിക്കൂർ) പൊതുമേഖലാ സ്ഥാപനം, സഹകരണ സ്ഥാപനം, കടകൾ എന്നീ

സ്ഥാപനങ്ങളിൽ തൊഴിൽ നൽകി അവർക്ക് ഒരു വേതനം നൽകുന്ന പദ്ധതിക്കായി ഈ ശീർഷകത്തിൽ 24.99 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

ടി പദ്ധതി 2021-22 സാമ്പത്തിക വർഷം പരിഗണിച്ചില്ല.

ശിപാർശ

2230-01-800-87—അതിഥി - അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ (മൊബൈൽ ആപ്പ്)

വിഹിതം: 1,000 രൂപ (പദ്ധതി)

സംസ്ഥാനത്ത് കുടിയേറ്റ തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് അതിഥി മൊബൈൽ ആപ്പ് വികസിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 19.79 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം കേരള അതിഥി മൊബൈൽ ആപ്പ് പദ്ധതിക്കായി "2230-01-800-87-പ്ലാൻ" ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രം അനുവദിച്ചിരുന്നതിനാൽ സോഫ്റ്റ്‌വെയർ രൂപീകരണത്തിനായി 19,79,000 രൂപ അധിക ധനാനുമതിയായി ലഭ്യമാക്കണമെന്ന് ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, 17-3-2022-ലെ സ.ഉ.(സാധാ)നം. 1960/2022/ധന ഉത്തരവ് പ്രകാരം 2230-01-103-52-ആവാസ് ശീർഷകത്തിൽ നിന്നും 2230-01-800-87-ATHIDHI ശീർഷകത്തിലേയ്ക്ക് ധനഃപുനവിനിയോഗം വഴി 21,80,000(ഇരുപത്തൊന്ന് ലക്ഷത്തി എൺപതിനായിരം രൂപ) രൂപ അനുവദിച്ചിരുന്നു. 19-3-2022-ലെ സ.ഉ.(സാധാ) നം. 342/2022/തൊഴിൽ പ്രകാരം ടി തുക വിനിയോഗിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകിയിട്ടുണ്ട്.

**വ്യാവസായിക പരിശീലന വകുപ്പ്**

ശിപാർശ

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 8,69,09,000 രൂപ (പദ്ധതിയേതരം)

ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇമ്പേഴ്സ്‌മെന്റ് [01(4)] ഇനത്തിൽ 4.74 ലക്ഷം

രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 8.2 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 0.95 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 3.23 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1.21 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [05(2)] ഇനത്തിൽ 2.6 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 2.7 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 4.2 ലക്ഷം രൂപയും ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 5 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപണികളും [21(2)] ഇനത്തിൽ 1.24 ലക്ഷം രൂപയും മറ്റു ചെലവുകൾ- മറ്റിനം [34(3)] ഇനത്തിൽ 15.75 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 2.6 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 52.42 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ് ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 50,0000 രൂപ അഡീഷണൽ ആതറൈസേഷൻ വഴിയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 60,0000 രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 70,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 15,000 രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 80,000 രൂപയും ധനപുനർവിനിയോഗം വഴിയും അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-001-98—<u>സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ</u>

വിഹിതം:66,00,000 രൂപ (പദ്ധതി)

വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യയിലും കാലാനുസൃതമായി ഡി.ജി.റ്റി. പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയിന്മേലും പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം:38,18,000 രൂപ (പദ്ധതിയേതരം)

സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായിഅനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 0.35 ലക്ഷം രൂപയും, സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.05 ലക്ഷം രൂപയും, അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 0.14 ലക്ഷം രൂപയും, വെള്ളക്കരം [05(1)] ഇനത്തിൽ 0.15 ലക്ഷം രൂപയും, വൈദ്യുതചെലവുകൾ [05(2)] ഇനത്തിൽ 1 ലക്ഷം രൂപയും, ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 0.29 ലക്ഷം രൂപയും, മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.23 ലക്ഷം രൂപയും ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 0.60 ലക്ഷം രൂപയും മറ്റുചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 0.23 ലക്ഷം രൂപയും ഉൾപ്പടെ ആകെ 3.04 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ ശീർഷകത്തിൽ സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 7,000 രൂപ ധനപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-001-96—വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി

വിഹിതം: 20,00,00,000 രൂപ (പദ്ധതി)

KASE-ന്റെ വിവിധ പദ്ധതികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.9 കോടി രൂപ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2230-03-001-95—<u>ഐ.ടി.-യെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ</u>

വിഹിതം: 3,00,00,000 രൂപ (പദ്ധതി)

സംസ്ഥാന ഡയറക്ടറേറ്റിന്റെ ആധുനികവത്ക്കരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2230-03-001-90- (01)—<u>സങ്കൽപ്പ് - അഭിലാഷ ജില്ലാ പരിപാടി - വയനാട്</u>

വിഹിതം: 1,000 രൂപ (പദ്ധതി)

2018-19 സാമ്പത്തിക വർഷം അനുവദിച്ച പുതിയ ഐ.ടി.ഐ.-കൾക്കും 2020-21 സാമ്പത്തിക വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള 5 പുതിയ ഐ.ടി.ഐ.-കൾക്കുമുള്ള പശ്ചാത്തല സൗകര്യമൊരുക്കൽ, ട്രെയിനികൾക്ക് ആവശ്യമായ ഉപകരണ സംഭരണം, അന്താരാഷ്ട്ര നിലവാരത്തിലുള്ള കെട്ടിട നിർമ്മാണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.66 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-03-001-90-(01)-സങ്കൽപ്പ്-അഭിലാഷ ജില്ലാ പരിപാടി - വയനാട് ശീർഷകത്തിൽ 16.67 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-003-98- തൊഴിലുകളുടെ വൈവിധ്യവൽക്കരണം

വിഹിതം : 52,41,000 രൂപ (പദ്ധതിയേതരം)

തൊഴിലുകളുടെ വൈവിധ്യവൽക്കരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 65,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

'2230-03-003-98-തൊഴിലുകളുടെ വൈവിധ്യവൽക്കരണം' ശീർഷകത്തിൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 10,000 രൂപ ധനപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്

ശിപാർശ

2230-03-003-97—കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം

വിഹിതം : 1,77,47,000 രൂപ (പദ്ധതിയേതരം)

കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 59,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം: 215,15,38,000 രൂപ (പദ്ധതിയേതരം)

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 54.85 ലക്ഷം രൂപയും, യാത്രാബത്ത [04(1)]

ഇനത്തിൽ 286.38 ലക്ഷം രൂപയും, സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 4 ലക്ഷം രൂപയും, അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 5.2 ലക്ഷം രൂപയും, ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 11.95 ലക്ഷം രൂപയും, മറ്റിനങ്ങൾ [05(4)] ഇനത്തിൽ 11.88 ലക്ഷം രൂപയും, വാടക, കരം, നികുതി [06] ഇനത്തിൽ 2.5 ലക്ഷം രൂപയും, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 137 ലക്ഷം രൂപയും, ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 255 ലക്ഷം രൂപയും, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] ഇനത്തിൽ 114 ലക്ഷം രൂപയും, വെള്ളക്കരം [34(1)] ഇനത്തിൽ 14 ലക്ഷം രൂപയും, വൈദ്യുതചെലവുകൾ [34(2)] ഇനത്തിൽ 79.2 ലക്ഷം രൂപയും, മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 291.94 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12.679 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

'2230-03-101-99—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ' ശീർഷകത്തിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(04)] ഇനത്തിൽ 2,65,000 രൂപയും വാടക കരം, നികുതി [06] ഇനത്തിൽ 1,74,000 രൂപയും ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-101-96 —<u>വനിത വ്യാവസായിക പരിശീലന കേന്ദ്രം തിരുവനന്തപുരം</u>

വിഹിതം : 3,78,53,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരത്തുള്ള വനിതാ ഐ.ടി.ഐ-യുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.35 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 3.15 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.93 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 0.41 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 0.09 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.32 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 5 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 0.15 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 2.55 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 4.43 ലക്ഷം രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ 18.38 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-03-101-96-വനിത വ്യവസായിക പരിശീലന കേന്ദ്രം തിരുവനന്തപുരം ശീർഷകത്തിൽ വൈദ്യുത ചെലവുകൾ [34(2)] ഇനത്തിൽ 3,00,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-101-87—<u>ഐ.ടി.ഐ.-കളുടെ നവീകരണം</u>

വിഹിതം : 16,00,00,000 രൂപ (പദ്ധതി)

ഐ.ടി.ഐ-കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മറ്റു ചെലവുകൾ [34] ഇനത്തിൽ 282.05 ലക്ഷം രൂപയും ചെറുകിട മരാമത്തു പണികൾ [17] ഇനത്തിൽ 117.95 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2230-03-101-76—<u>വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം</u>

വിഹിതം: 1,12,25,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്. കളമശ്ശേരി എന്ന സ്ഥാപനത്തിന് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2.32 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.54 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.34 ലക്ഷം രൂപയും അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 0.43 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 0.23 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.15 ലക്ഷം രൂപയും ചെറുകിട മരാമത്ത് പണികൾ [17] ഇനത്തിൽ

2.39 ലക്ഷം രൂപയും മറ്റ് ചെലവുകൾ മറ്റിനം [34(3)] ഇനത്തിൽ 3.67 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 11.07 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-74—വനിതാ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ (തൊഴിൽപരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ)

വിഹിതം: 2,86,67,000 രൂപ (പദ്ധതിയേതരം)

തൊഴിൽ പരിശീലനത്തിലെ ലിംഗവിവേചനം ലഘൂകരിക്കാൻ ഉദ്ദേശിച്ച് സ്ഥാപിക്കുന്ന വനിതാ ഐ.ടി.ഐ.-കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2.3 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 3.02 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.25 ലക്ഷം രൂപയും അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 0.39 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 0.44 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ [05(4)] ഇനത്തിൽ 0.40 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 1.65 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 0.54 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 0.75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 9.74 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

'2230-03-101-74—വനിതാ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ)' ശീർഷകത്തിൽ ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 8,000 രൂപയും വൈദ്യുത ചെലവുകൾ [34(2)] ഇനത്തിൽ 53,000 രൂപയും ധനപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-101-73—ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ. ടി. ഐ.-കൾ ശക്തിപ്പെടുത്തൽ

വിഹിതം: 88,00,000 രൂപ (പദ്ധതി)

ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ.-കൾക്കുള്ള കെട്ടിട നിർമ്മാണം, ഉപകരണ സംഭരണം എന്നിവയ്ക്കനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.12 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായിവന്നില്ല.

ശിപാർശ

2230-03-101-70—ഐ. ടി. ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി

വിഹിതം: 8,20,00,000 രൂപ (പദ്ധതി)

ഐ.ടി.ഐ. ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഐ.ടി.ഐ.-കൾക്കും പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ.-യ്ക്കും ടി പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ് വ്യാപനം കാരണം ഐ.ടി.ഐ.-കളിൽ ട്രെയിനിംഗ് നടന്നിട്ടില്ല. ആയതുമൂലം ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-68—പരസ്യം/ പബ്ലിസിറ്റി

വിഹിതം: 95,00,000 രൂപ (പദ്ധതി)

വകുപ്പിന്റെ പരസ്യം, പ്രചരണം ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി

ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-65-03—വ്യാവസായിക മൂല്യ വർദ്ധിത പ്രോഗ്രാമിനു വേണ്ടിയുള്ള നൈപുണ്യ ശാക്തീകരണം (സ്റ്റൈവ്)

വിഹിതം: 3,00,000 രൂപ (പദ്ധതി)

തെരഞ്ഞെടുത്ത ഐ.ടി.ഐ.-കളിൽ സ്റ്റൈവ് പദ്ധതി നടപ്പിലാക്കാൻ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.82 കോടി രൂപ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

തെരഞ്ഞെടുത്ത ഐ.ടി.ഐ-കളിൽ സൈടവ് പദ്ധതി നടപ്പിലാക്കാൻ 2230-03-101-57 എന്ന ശീർഷകത്തിൽ തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2230-03-101-65-03-വ്യാവസായിക മൂല്യവർദ്ധിത പ്രോഗ്രാമിന് വേണ്ടിയുള്ള നൈപുണ്യശാക്തീകരണം (സൈടവ്) എന്ന ശീർഷകത്തിൽ ആണ് 3,00,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. തുടർന്ന് ടി ആവശ്യത്തിനു ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിൽ നിന്നും ഗ്രാന്റ് ലഭിച്ചതിനുസരിച്ച് 271 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-101-56—നൈപുണ്യ കർമ്മസേന

വിഹിതം: 75,00,000 രൂപ (പദ്ധതി)

ഐ.ടി.ഐ.-കളിൽ നൈപുണ്യ കർമ്മസേന രൂപീകരിക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-54 —കേരള സ്റ്റേറ്റ് അപ്രന്റിസ്ഷിപ്പ് പ്രമോഷൻ സ്കീം(കെ.എസ്. എ.പി.എസ്)

വിഹിതം: 50,00,000 രൂപ (പദ്ധതി)

അപ്രന്റിസ്ഷിപ്പ് നൽകുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതിയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം: 6,18,47,000 രൂപ (പദ്ധതിയേതരം)

ദേശീയ തൊഴിലഭ്യസന പരിപാടികൾ നടപ്പിലാക്കുന്നതിനായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 10.55 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 6.3 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.4 ലക്ഷം രൂപയും അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 0.71 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 0.36 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 1.6 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 0.62 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.75 ലക്ഷം രൂപയും സ്കോളർഷിപ്പും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 7.5 ലക്ഷം രൂപയും ചെറുകിട മരാമത്ത് പണികൾ [17] ഇനത്തിൽ 50 ലക്ഷം രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] ഇനത്തിൽ 7.3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 86.09 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-102-98—തൊഴിലഭ്യസന പരിശീലന പദ്ധതി ശക്തിപ്പെടുത്തൽ

വിഹിതം: 65,00,000 രൂപ (പദ്ധതി)

നോർക്ക, ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ സഹകരണത്തോടെ ആർ. ഐ. സെന്ററുകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ തുടങ്ങുവാനും ഓരോ ആർ.ഐ. സെന്ററുകളിലും ട്രെയിനികൾക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്നിവ ആരംഭിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4250-00-190-95—ഇക്വിറ്റി സംഭാവന കേസ്

വിഹിതം: 14,00,00,000 രൂപ (പദ്ധതി)

KASE-ന്റെ വിവിധ പദ്ധതികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4250-00-800-98—ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന്റെ സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം: 22,00,000 രൂപ (പദ്ധതി)

ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യയിലും കാലാനുസൃതമായി ഡി.ജി.റ്റി

പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയിന്മേലും പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

**സർക്കാർ സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4250-00-800-95 —പുതിയ ഐ.ടി.ഐ.-കൾ സജ്ജീകരിക്കുന്നു

വിഹിതം : 7,90,00,000 രൂപ (പദ്ധതി)

കഴിഞ്ഞ വർഷം അനുവദിച്ച ഐ.ടി.ഐ.-കളുടെ കെട്ടിട നിർമ്മാണത്തിനും ഉപകരണ സംഭരണത്തിനും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

പുതുതായി അനുവദിച്ച ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമായിട്ടില്ല. ആയതുമൂലം ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്**

ശിപാർശ

2230-01-102-99 —വ്യവസായശാല ഡയറക്ടറാഫീസ്

വിഹിതം : 17,73,24,000 രൂപ (പദ്ധതിയേതരം)

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി യാത്രാബത്ത [04(1)], ഓഫീസ് ചെലവുകൾ[05], വാടക, കരം, നികുതി [06], മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും[21(2)], പി.ഒ.എൽ.[45] എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 16.76 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ഓഫീസ് ചെലവിനങ്ങളിൽ (05) വാട്ടർ ചാർജ്ജസ് [05(1)] എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 9,000 രൂപ 2230-01-102-95-05-01 water charges എന്ന ശീർഷകത്തിൽ നിന്നും ഇലക്ട്രിസിറ്റി ചാർജ്ജസിൽ (05-02) അധികമായി വേണ്ടി വന്ന 25,000 രൂപ 2230-01-102-95-05-02 electricity charges എന്ന ശീർഷകത്തിൽ നിന്നും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും (21-2) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 16,000 രൂപ 2230-01-102-95-21-02 എന്ന ശീർഷകത്തിൽ നിന്നും പി.ഒ.എൽ. (45) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 65,000 രൂപ 2230-01-102-95-45 POL എന്ന ശീർഷകത്തിൽ നിന്നും റീ അപ്രോപ്രിയേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-102-95 —<u>ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും</u>

വിഹിതം : 2,00,25,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ യാത്രാബത്ത [04(1)], ഓഫീസ് ചെലവിനങ്ങൾ [05], മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)], പി.ഒ.എൽ.[45] എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക കുറവാകയാൽ 12.53 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-01-102-95 ശീർഷകത്തിലെ യാത്രാബത്ത (04), ഓഫീസ് ചെലവുകൾ (05), മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും (21-2), പി.ഒ.എൽ. (45) എന്നീ ശീർഷകങ്ങളിൽ ആവശ്യപ്പെട്ടിരുന്ന അധിക തുക ആവശ്യമായി വന്നില്ല.

**വ്യാവസായിക ട്രിബ്യൂണലുകൾ & ലേബർകോടതികൾ**

<u>ശിപാർശ</u>

2230-01-101-95—<u>വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്</u>

വിഹിതം : 1,07,50,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ കോഴിക്കോട് എന്ന സ്ഥാപനത്തിന് വാടക, കരം,

നികുതി [06] ഇനത്തിൽ 1.14 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കോഴിക്കോട് വ്യാവസായിക ട്രിബ്യൂണലിന് വാടക, കരം, നികുതി (06) ഇനത്തിൽ 1,14,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2230-01-101-94—<u>വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം</u>

വിഹിതം : 1,01,11,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം എന്ന സ്ഥാപനത്തിന് വാടക, കരം, നികുതി [06] ഇനത്തിൽ 10,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൊല്ലം വ്യാവസായിക ട്രിബ്യൂണലിന് വാടക, കരം, നികുതി (06) ഇനത്തിൽ 7000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2230-01-101-93—<u>തൊഴിൽ കോടതി, കൊല്ലം</u>

വിഹിതം : 87,09,000 രൂപ (പദ്ധതിയേതരം)

തൊഴിൽ കോടതി, കൊല്ലം എന്ന സ്ഥാപനത്തിന് അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.5 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ മറ്റിനം [05(4)] ഇനത്തിൽ 1.47 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൊല്ലം തൊഴിൽ കോടതിയ്ക്ക് അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1,40,000 രൂപയും ഓഫീസ് ചെലവുകൾ മറ്റിനം [05(4)] ഇനത്തിൽ 14,52,000 രൂപയും അധികമായി അനുവദിക്കുകയുണ്ടായി.

ശിപാർശ

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

വിഹിതം : 84,13,000 രൂപ (പദ്ധതിയേതരം)

തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിന് ശമ്പളം [01(1)] ഇനത്തിൽ 3.35 ലക്ഷം രൂപയും ക്ഷാമബത്ത [01(2)] ഇനത്തിൽ 34.68 ലക്ഷം രൂപയും വീട്ടുവാടക, അലവൻസ് [01(3)] ഇനത്തിൽ 3.35 ലക്ഷം രൂപയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.91 ലക്ഷം രൂപയും വേതനം [02(1)] ഇനത്തിൽ 0.7 ലക്ഷം രൂപയും ക്ഷാമബത്ത [02(2)] ഇനത്തിൽ 0.7 ലക്ഷം രൂപയും മറ്റ് അലവൻസുകൾ [02(3)] ഇനത്തിൽ 0.01 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 0.93 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.61 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 46.24 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

കോഴിക്കോട് തൊഴിൽ കോടതിയ്ക്ക് സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

വിഹിതം : 1,00,92,000 രൂപ (പദ്ധതിയേതരം)

തൊഴിൽ കോടതി, എറണാകുളം എന്ന സ്ഥാപനത്തിന് വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 0.15 ലക്ഷം രൂപയും ടെലിഫോൺ ചാർജ്ജ് [05(3)] ഇനത്തിൽ 0.1 ലക്ഷം രൂപയും വാടക, കരം, നികുതി [06] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

എറണാകുളം തൊഴിൽ കോടതിയ്ക്ക് വാടക, കരം, നികുതി [06] ഇനത്തിൽ 97,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി. സമിതി ശിപാർശ ചെയ്ത മറ്റ് ശീർഷകങ്ങളിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-86 —വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 95,49,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിന് യാത്രാബത്ത [04(1)] ഇനത്തിൽ 2.12 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.45 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1.27 ലക്ഷം രൂപയും മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 0.23 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 2.52 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.59 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

ഇടുക്കി വ്യാവസായിക ട്രിബ്യൂണലിന് ഓഫീസ് ചെലവുകൾ മറ്റിനം [05(4)] ഇനത്തിൽ 48,000 രൂപയും പി.ഒ.എൽ [45] ഇനത്തിൽ 80,000 രൂപയും അധികമായി അനുവദിക്കുകയുണ്ടായി. സമിതി ശിപാർശ ചെയ്ത മറ്റ് ശീർഷകങ്ങളിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-80—വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം

വിഹിതം : 1,10,56,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് വാഹനങ്ങളുടെ വാടക ഇനത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ [97] എന്ന ഇനത്തിൽ 3.6 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരം വ്യവസായിക ട്രിബ്യൂണലിന് വാഹനങ്ങളുടെ വാടക [97] ഇനത്തിൽ 3,60,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കേരള**

ശിപാർശ

2230-02-001-99—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 76,40,96,000 രൂപ (പദ്ധതിയേതരം)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഇനത്തിൽ 0.5 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [05(2)] ഇനത്തിൽ 5 ലക്ഷം രൂപയും വാടക, കരം, നികുതി [06] ഇനത്തിൽ 10 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 0.1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.6 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

ശിപാർശ

2230-02-101-89—പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

വിഹിതം: 1,10,64,000 രൂപ (പദ്ധതിയേതരം)

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പെന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിനാൽ മറ്റു ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1.479 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി (ശിപാർശ 56 &60)

ബഡ്ജറ്റ് വിഹിതപ്രകാരമുള്ള തുക പര്യാപ്തമായതിനാൽ അധിക തുക വേണ്ടി വന്നില്ല.

ശിപാർശ

2230-02-101-93-33—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)- സബ്സിഡികൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

ശിപാർശ

2230-02-101-92 —മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകൾ

വിഹിതം : 88,00,000 രൂപ (പദ്ധതി)

മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകൾ എന്ന പദ്ധതി മുഖേന സബ്സിഡി നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

ശിപാർശ

2230-02-101-91-33—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയം തൊഴിൽപദ്ധതി-സബ്സിഡികൾ

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

ശരണ്യ പദ്ധതി പ്രകാരം വായ്പകൾ അനുവദിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

ശിപാർശ

6250-60-800-96—രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്ത വിധവകൾ/ വിജനമായ/വിവാഹ മോചിത/അവിവാഹിതയായ സ്ത്രീ/അവിവാഹിതയായ അമ്മ എന്നിവർക്കുള്ള സ്വയം തൊഴിൽ പദ്ധതി (SARANYA)

വിഹിതം: 9,00,00,000 രൂപ (പദ്ധതി)

ശരണ്യ പദ്ധതി മുഖേന വായ്പ നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി (ശിപാർശ 57, 58, 59 &61)

കൈവല്യ, മൾട്ടിപർപ്പസ് ജോബ് ക്ലബുകൾ, എന്നീ പദ്ധതികളെ സംബന്ധിച്ച് നടപ്പ് വർഷം അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം (ലോൺ, സബ്സിഡി, ഘടക പദ്ധതികൾ, വായ്പ തിരിച്ചടവ് എന്നീ ഇനങ്ങളിൽ വിനിയോഗിച്ച തുകയുടെ വിശദമായ സാക്ഷ്യപത്രം), പദ്ധതി നടത്തിപ്പിന് നടപ്പ് വർഷം അധികമായി ആവശ്യമുള്ള തുക

(ഓരോ പദ്ധതി ഇനങ്ങളിലും ആവശ്യമായ തുകയുടെ വിശദവിവരം , ആകെ അപേക്ഷകൾ, ടി ഇനത്തിലാവശ്യമായ ലോൺ തുക, സബ്സിഡി തുക എന്നിവ തിരിച്ച്) എന്നിവ ഉൾപ്പെടുത്തി ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് വിഷയനിർണ്ണയ സമിതി ശിപാർശയിന്മേൽ അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ആയത് പ്രകാരമുള്ള ശിപാർശ സമർപ്പിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് 22-1-2022-ലെ H1/174/2021-LBRD നമ്പർ. കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ)

ശിപാർശ

2230-03-101-66-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളേതരം

വിഹിതം: 2,00,00,000 രൂപ (പദ്ധതി)

കിലെയിൽ നിലവിലുള്ള സ്കീമുകളിൽ കൂടുതൽ ഗവേഷണ പഠനങ്ങളും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

ശിപാർശ

2230-03-101-66-31—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളം

വിഹിതം : 25,08,000 രൂപ (പദ്ധതിയേതരം)

കിലെയിലെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ദൈനംദിന ചെലവുകൾക്കും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 19.35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

ശിപാർശ

2230-03-101-52—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിനെ (KILE) ദേശീയ തലത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കൽ

വിഹിതം: 1,000 രൂപ (പദ്ധതി)

കിലെ കാമ്പസിനെ ദേശീയ നിലവാരമുള്ള പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ

ഈ ശീർഷകത്തിൽ 1.9999 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി (ശിപാർശ 62, 63 &64)

ബഡ്ജറ്റ് വിഹിത പ്രകാരമുള്ള തുക പര്യാപ്തമായതിനാൽ അധിക തുക വേണ്ടിവന്നില്ല.

ശിപാർശ

2230-03-101-51—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) കോഴിക്കോട് ജില്ലയിലുള്ള പ്രാദേശിക കേന്ദ്രം

വിഹിതം: 1,000 രൂപ (പദ്ധതി)

കിലെയുടെ പ്രവർത്തനം മലബാർ മേഖലയിലേക്ക് കൂടുതൽ വ്യാപിപ്പിക്കുന്നതിന് കോഴിക്കോട് റീജിയണൽ സെന്റർ ആരംഭിക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.99 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

**ഒഡെപെക്**

ശിപാർശ

2230-01-103-10 —ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡെപിസി) ലിമിറ്റഡ്

വിഹിതം: 90,00,000 രൂപ (പദ്ധതി)

ഒഡെപെക്കിന്റെ 2021-2022 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി (ശിപാർശ 65 &66)

ബഡ്ജറ്റ് വിഹിത പ്രകാരമുള്ള തുക പര്യാപ്തമായതിനാൽ അധിക തുക വേണ്ടി വന്നില്ല.

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

ശിപാർശ

2801-80-101-92—കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതിചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയത് മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം : 3,31,67,00,000 രൂപ (പദ്ധതിയേതരം)

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയത് മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായത്തിനായി 52.4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

2011-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച ആകെ 524 കോടി രൂപയിൽ 2021-22-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകേണ്ട അവസാനത്തെ ഗഡുവായ 52.40 കോടി രൂപ ഉപധനാഭ്യർത്ഥന വഴി നൽകിയിട്ടില്ല.

ശിപാർശ

2801-80-101-91—നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)

വിഹിതം : 23,20,00,000 രൂപ (പദ്ധതി)

2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ പൂർത്തിയാക്കിയ ഇന്നോവേഷൻ & എസ്കോർട്ട് പ്രവർത്തികൾക്കായി 12.500054 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

ഇന്നോവേഷൻ & എസ്കോർട്ട് പദ്ധതിക്ക് വേണ്ടി 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ആകെ സംസ്ഥാന പദ്ധതി തുക 2320 ലക്ഷം രൂപയാണ്. പ്രസ്തുത പദ്ധതിക്കായി ഇതുവരെ 2286.08 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 500 Mwp സോളാർ സ്റ്റേഷൻ പ്രീ-പ്രൊജക്ട് കപ്പാസിറ്റി അസസ്മെന്റ് പദ്ധതിക്കായി ഗവൺമെന്റിൽ

നിന്നും കെ.എസ്.ഇ.ബി.എൽ.-ന് 64.14352 ലക്ഷം രൂപ നൽകി. ബാക്കി തുകയായ 22.22 കോടി രൂപ നൽകിയിട്ടില്ല.

<u>ശിപാർശ</u>

2801-80-190-99—<u>നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ</u>

വിഹിതം : 100,00,000 രൂപ (പദ്ധതിയേതരം)

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ 11 പ്രവർത്തികൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെരുവുവിളക്കുകൾ മാറ്റുന്ന പ്രവൃത്തികൾക്കായി പ്രസ്തുത ശീർഷകത്തിൽ ആകെ 1,80,80,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി കെ.എസ്.ഇ.ബി.എൽ-ന് റിലീസ് ചെയ്ത് നല്കി.

<u>ശിപാർശ</u>

4801-80-101-98—<u>നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം</u>

വിഹിതം : 100,00,000 രൂപ (പദ്ധതിയേതരം)

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.616445 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികൾക്കായി ആകെ 5,61,64,454 രൂപ കെ.എസ്.ഇ.ബി.എൽ.-ന് നൽകാനുണ്ട്. 2021-22-ൽ ഒരു കോടി രൂപ ഈ ഇനത്തിൽ ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടായിരുന്നു. ഈ തുക നൽകിയിട്ടില്ല.

ശിപാർശ

2801-80-101-83—ഇടമൺ -കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻലൈനിനു വേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്

വിഹിതം : ഇല്ല

2015-ലെ G.O.(MS)No.29/2015/PD dated, Thiruvananthapuram, 30-7-2015 ഉത്തരവ് വഴി പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അടിസ്ഥാനമാക്കി പണി പുനരാരംഭിച്ച ഇടമൺ-കൊച്ചി 400 കെ.വി. ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരത്തിൽ ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട തുകയായ 128 കോടി രൂപയിൽ 3 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 125 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം നൽകിയ നഷ്ടപരിഹാര തുകയുടെ സർക്കാർ വിഹിതമായ 3 കോടി രൂപ 21-10-2020-ൽ ലഭിച്ചിട്ടുണ്ട്. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ നൽകിയ നഷ്ടപരിഹാര തുകയുടെ സർക്കാർ വിഹിതമായ 17 കോടി രൂപ 8-3-2022-ൽ നൽകി.

ശിപാർശ

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരണത്തിന് സംസ്ഥാന വിഹിതം - (പഴയ ശീർഷകം 4801-80-101-99- മുട്ടത്തറ സബ്സ്റ്റേഷൻ) (പ്ലാൻ) ആയി 41.6319 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 79)

സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരം മുട്ടത്തറയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി 45.26 കോടി രൂപ 2015-ൽ അനുവദിച്ചിട്ടുണ്ട്. 2015-16 വർഷത്തെ വിഹിതമായി ബഡ്ജറ്റിൽ 13,62,81,000 രൂപ ഉൾപ്പെടുത്തി അനുവദിച്ചുവെങ്കിലും സമയത്ത് ഭൂമി കൈമാറാത്തതിനാൽ ചെലവാകാത്ത 10 കോടി രൂപ തിരിച്ചടക്കേണ്ടി വന്നു. തുടർന്ന് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഒരു ഏക്കർ ഭൂമി 2016 ഒക്ടോബർ പകുതിയോടെ

കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറുകയുണ്ടായി. ടി പദ്ധതി നിർവ്വഹണം 28-5-2020-ൽ പൂർത്തിയായി. ആയതിനാൽ 2015-16 സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയ 3.6281 കോടി രൂപ കഴിച്ച് ബാക്കി വരുന്ന 41.6319 കോടി രൂപ സർക്കാരിൽ നിന്നും നൽകാനുണ്ട്.

ശിപാർശ

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-87) (പ്ലാൻ) ആയി 48.30 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 80)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി 1 ലക്ഷം രൂപ (2801-80-101-87) ശീർഷകത്തിൽ അനുവദിക്കുകയും 2018-19 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനകളിൽ 19.99 കോടി രൂപ അനുവദിക്കുകയും ചെയ്തു. പിന്നീടുള്ള ഒരു ബഡ്ജറ്റിലും ഉൾപ്പെടുത്താത്തതുമൂലം കെ.എസ്.ഇ.ബി.എൽ.-ന് പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന 10% സംസ്ഥാന സർക്കാർ വിഹിതം നൽകിയിട്ടില്ല.

ശിപാർശ

സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്.) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-86) (പ്ലാൻ) ആയി 59.21 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 81)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി 1 ലക്ഷം രൂപ (2801-80-101-86) ശീർഷകത്തിൽ അനുവദിക്കുകയും 2018-19 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനകളിൽ 30 കോടി രൂപ അനുവദിക്കുകയും ചെയ്തു. പിന്നീടുള്ള ഒരു ബഡ്ജറ്റിലും ഉൾപ്പെടുത്താത്തതുമൂലം കെ.എസ്.ഇ.ബി.എൽ.-ന് പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന 10% സംസ്ഥാന സർക്കാർ വിഹിതം നൽകിയിട്ടില്ല.

<u>ശിപാർശ</u>

RGGVY —സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-90) (പ്ലാൻ) ആയി 2.44 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 82)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

224.4 കോടി രൂപയുടെ പ്രസ്തുത പദ്ധതിയുടെ 10% സംസ്ഥാന വിഹിതമായ 22.4 കോടി രൂപ 2014-15-ൽ ധനാഭ്യർത്ഥനയായി ആവശ്യപ്പെട്ടതുപ്രകാരം 2014-15-ൽ 10 കോടി രൂപ അനുവദിച്ചു. 2015-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പദ്ധതിക്കായി 12.44 കോടി രൂപയുടെള്ള ഭരണാനുമതി നൽകി.

2016-ലെ സർക്കാർ ഉത്തരവ് പ്രകാരം 22-2-2017-ൽ 10 കോടി രൂപ കെ.എസ്.ഇ.-ബോർഡ്-ന് ലഭിച്ചു. ബാക്കി തുകയായ 2.44 കോടി രൂപ നൽകാനുണ്ട്.

**എനർജി മാനേജ്മെന്റ് സെന്റർ**

<u>ശിപാർശ</u>

2810-00-800-93—<u>എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം</u>

വിഹിതം : 88,87,000 രൂപ (പദ്ധതിയേതരം)

എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന ചെലവുകൾക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5428 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന് 2810-00-800-93(NP) ശീർഷകത്തിൽ ആകെ 88.87 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ 2022 മാർച്ച് മാസത്തോടുകൂടി 84.42 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ടി ശീർഷകത്തിൽ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ വിഷയനിർണ്ണയ സമിതി VII-ന്റെ ശിപാർശയനുസരിച്ച് ആദ്യ ഘട്ടമായി 150 ലക്ഷം രൂപ

വകയിരുത്തുന്നതിനുള്ള ശിപാർശ എനർജി മാനേജ്മെന്റ് സെന്റർ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പ് പരിഗണിച്ചില്ല. ധനകാര്യ വകുപ്പ് പ്രസ്തുത ശിപാർശ നിരസിച്ച സാഹചര്യത്തിൽ അധിക തുക അനുവദിക്കുവാൻ കഴിയുകയുണ്ടായില്ല.

## അദ്ധ്യായം II

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്ത ഖണ്ഡികകൾ.

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| തൊഴിലും നൈപുണ്യവും വകുപ്പ് | 3, 13, 15, 16, 18, 19, 22, 67-70 |
| ഊർജ്ജ വകുപ്പ് | 71, 78, 83, 84 |

**ശ്രീ. കെ. കൃഷ്ണൻകുട്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-VII.*

തിരുവനന്തപുരം,
2022 ജൂലൈ 12.